# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 മാർച്ച് 24, തിങ്കൾ

**നമ്പർ 179**

രാവിലെ 09.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാ പിഴവിനെത്തുടർന്ന് രോഗി മരിച്ചതായി പറയപ്പെടുന്ന സംഭവവും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമവും മൂലം ആരോഗ്യമേഖലയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്ത് വൻ തോതിൽ പുരോഗമിക്കുന്ന ദേശീയ, സംസ്ഥാന ഹൈവേകളുടെയും പ്രാദേശിക റോഡുകളുടെയും പാലങ്ങളുടെയും ഉൾപ്പെടെയുള്ള വൻകിട നിർമ്മാണ പദ്ധതികൾ കൂടുതൽ ഗുണമേന്മയോടെയും പരിസ്ഥിതി സൗഹൃദമായും നിർവ്വഹിക്കുന്നതിന് ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുതലായ നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പൊതുമരാമത്ത് -

വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയുക്തമാക്കേണ്ടതിന്റെയും പ്രസ്തുത സാങ്കേതികവിദ്യ മൂലം ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളെ മറികടക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. മഞ്ഞളാംകുഴി അലി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. സനീഷ് കുമാർ ജോസഫ് | കൊച്ചി മെട്രോ ചാലക്കുടി വരെ നീട്ടുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിന് നടപടി | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 3. | ശ്രീ. ആന്റണി രാജു | വള്ളക്കടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 4. | ശ്രീ. ലിന്റോ ജോസഫ് | വിവിധ ക്ഷേമ പെൻഷനുകളുടെ തുക വ്യത്യാസം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. പി. ടി. എ. റഹീം | മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ ചികിത്സാ കേന്ദ്രം | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 6. | ശ്രീ. കെ. എം. സച്ചിൻദേവ് | കിനാലൂരിൽ AIIMS-നായി ഭൂമി ഏറ്റെടുക്കൽ | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 7. | ശ്രീമതി കെ. കെ. രമ | അട്ടപ്പാടിയിലെ ഭൂമി കൈയ്യേറ്റം | ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 8. | ശ്രീ. ടി. പി. രാമകൃഷ്ണൻ | പെരിഞ്ചേരി കടവിൽ നിർമ്മിക്കുന്ന റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 9. | ശ്രീ. അൻവർ സാദത്ത് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും | ബഹു. തദ്ദേശ സ്വയം ഭരണ-എക്സൈസ്-പാർലമെന്ററി കാര്യ വകുപ്പുമന്ത്രി |
| 10. | ശ്രീ. പി. നന്ദകുമാർ | പൊന്നാനിയിലെ തരിശ്ശ് ഭൂമികൾ കൃഷി യോഗ്യമാക്കുന്നതിന് നടപടി | ബഹു.കൃഷി വകുപ്പുമന്ത്രി |
| 11. | ശ്രീ. മോൻസ് ജോസഫ് | KSEB ഈടാക്കുന്ന ബ്രോഡ്ബാന്റ്, ഡിജിറ്റൽ കേബിൾ ടി.വി. വാടക നിരക്ക് ഏകീകരണം | ബഹു. വൈദ്യുതി വകുപ്പുമന്ത്രി |
| 12. | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മലപ്പുറത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപടി | ബഹു. വൈദ്യുതി വകുപ്പുമന്ത്രി |
| 13. | ശ്രീ. ഇ. കെ. വിജയൻ | നാദാപുരം മണ്ഡലത്തിലെ വിവിധ കിഫ്ബി പ്രവൃത്തികൾ | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 14. | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകര ജനറൽ ആശുപത്രി സ്റ്റാഫുകളുടെ കുറവ് | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 15. | ശ്രീ. സി. കെ. ഹരീന്ദ്രൻ | ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ MHA, MPH കോഴ്സുകൾ | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

(i) പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(ii) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം

സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ച് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(iii)പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(iv) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ച് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

സ്പീക്കറുടെ റൂളിംഗ് :

നിയമസഭയുടെ മുൻകൂർ അനുമതിയില്ലാതെ ചെലവഴിച്ച തുകകൾ ധനവിനിയോഗ ബില്ലിലൂടെ ക്രമീകരിക്കുന്നതിൽ ഭരണഘടനാ വ്യവസ്ഥകളും സഭയുടെ നടപടിക്രമങ്ങളും ലംഘിക്കുന്നതായി ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നം ഉന്നയിച്ചു. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു. സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"സഭ അംഗീകരിച്ച ധനാഭ്യർത്ഥന തുകകളിൽനിന്നും അധികരിച്ചുവരുന്ന ചെലവുകൾ, നടപടികൾ പൂർത്തീകരിച്ച് യഥാസമയം ക്രമീകരിക്കുന്ന കാര്യത്തിൽ വീഴ്ചയും കാലതാമസവുമുണ്ടാകുന്നതുമൂലം ഭരണഘടനാ വ്യവസ്ഥകളും സഭയുടെ നടപടിക്രമങ്ങളും ലംഘിക്കുന്നതായും ഇക്കാര്യത്തിൽ അടിയന്തര പരിഹാരമുണ്ടാകണമെന്നുമാണ് ചട്ടം 303 പ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇതു സംബന്ധിച്ച് നടപടിക്രമം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയറും ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമസഭ അനുവദിച്ച ധനാഭ്യർത്ഥനകളിൽ നിന്നും അധികരിക്കുന്ന തുകകൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾ ചെലവഴിക്കുന്ന പക്ഷം അപ്രകാരം അധികമായി ചെലവഴിച്ച തുക ക്രമവൽക്കരിക്കുന്നതിന് നിയമസഭയിൽ വ്യക്തമായ നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. അത്തരം നടപടിക്രമങ്ങൾ കൃത്യമായും പാലിച്ചുകൊണ്ടുതന്നെയാണ് കഴിഞ്ഞ കാലങ്ങളിൽ അധിക ധനാഭ്യർത്ഥനകളെ സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ശരിയായി വിശദീകരിച്ചതുപോലെ സി.&എ.ജി.-യുടെ അപ്രോപ്രിയേഷൻ അക്കൗണ്ടുകൾപ്രകാരം നിയമസഭയുടെ മുമ്പാകെ വരുന്ന അധികരിച്ച ചെലവുകൾ സംബന്ധിച്ച നിർദേശങ്ങൾ ക്രമീകരിക്കുന്നതിന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് നിർണ്ണായക പങ്കാണ് നിർവഹിക്കാനുള്ളത്. നമ്മുടെ സഭയിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇതുസംബന്ധമായ അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കാലതാമസം വരുത്താതെ നിർവഹിച്ചുവരുന്നുവെന്നാണ് ചെയറിന് മനസ്സിലാക്കാൻ കഴിഞ്ഞത്.

നിലവിൽ ബജറ്റിനെ അധികരിച്ച ചെലവുകൾ നടപടിക്രമങ്ങൾ പാലിച്ച് ക്രമവൽക്കരിക്കുന്ന കാര്യത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി തലത്തിലോ ബന്ധപ്പെട്ട

സർക്കാർ വകുപ്പുകളുടെ തലത്തിലോ അകാരണമായ കാലതാമസമോ വീഴ്ചകളോ ശ്രദ്ധയിൽപ്പെടാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു."

നിയമനിർമ്മാണ കാര്യം :

(1) 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും :

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു. ഉപക്ഷേപം പിന്താങ്ങപ്പെട്ടു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. എ. പ്രഭാകരൻ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. വി. ശശി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. എച്ച്. സലാം

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. വാഴൂർ സോമൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

[കാര്യവിവരപ്പട്ടികയിൽ രണ്ടാമതായി ഉൾപ്പെടുത്തിയിട്ടുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ ഒന്നാമതായും 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ രണ്ടാമതായും പരിഗണിക്കുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു]

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ കെ. എൻ. ബാലഗോപാൽ മറുപടി പറഞ്ഞു. തുടർന്ന് ബിൽ വകുപ്പ് തിരിച്ച് പരിഗണിച്ചു. ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ബിൽ വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

## (2) സബ്ജക്ട്കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെ പരിഗണനയും അനന്തര ഘട്ടങ്ങളും :

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്ന പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ഡോ. കെ. ടി. ജലീലും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതി ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയനും അവതരിപ്പിച്ചു സംസാരിച്ചു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികൾ അംഗീകരിക്കുകയും ചെയ്തു.

### രണ്ടാം വകുപ്പ്

(i) ഖണ്ഡം 2(ഡി)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം " സർവ്വകലാശാലയുടെ ചാൻസലർ " എന്ന് ചേർക്കുക.

(ii) ഖണ്ഡം 2(ഇ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 2(എഫ്)-ൽ "തലവൻ" എന്നതിന് പകരം "മേലധികാരി" എന്ന് ചേർക്കുക.

(iv) ഖണ്ഡം 2(എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അദ്ദേഹത്തിന്റെ" എന്ന് ചേർക്കുക.

(v) ഖണ്ഡം 2(ജി)-ൽ "ഒരു" എന്ന വാക്ക് വരുന്നിടത്തെല്ലാം അത് ഒഴിവാക്കുക.

(vi) ഖണ്ഡം 2 (എൽ)-ൽ "ഫൈനാൻസ്" എന്ന് വരുന്നിടത്തെല്ലാം "ഫിനാൻസ്" എന്ന് ചേർക്കുക.

(vii) ഖണ്ഡം 2 (എം)-ൽ "ഫൈനാൻസ്" എന്നതിന് പകരം "ഫിനാൻസ്" എന്ന് ചേർക്കുക.

(viii) ഖണ്ഡം 2(പി)-ൽ "ആക്റ്റിലെയോ" എന്നതിന് മുൻപായി "ഈ" എന്ന് ചേർക്കുക.

(ix) ഖണ്ഡം 2(ക്യൂ)-ൽ "അതുമായി ബന്ധപ്പെട്ടതോ" എന്നത് ഒഴിവാക്കുക.

(x) ഖണ്ഡം 2(ആർ)-ൽ, "സാമൂഹ്യശാസ്ത്രം," എന്നതിന് ശേഷം "ശാസ്ത്രം," എന്ന് ചേർക്കുക.

(xi) ഖണ്ഡം 2(യു)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

(xii) ഖണ്ഡം 2(വി)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

(xiii) ഖണ്ഡം 2(ഡബ്ല്യു)-ൽ "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ," എന്നതിന് ശേഷം " മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ" എന്ന് ചേർക്കുക.

(xiv) ഖണ്ഡം 2 (ഡബ്ല്യു)-ൽ "തുടങ്ങിയ" എന്നതിന് ശേഷം "ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

(xv) ഖണ്ഡം 2 (വൈ)-ൽ "ചേർത്തിട്ടുള്ള" എന്നതിന് പകരം "8-ാം വകുപ്പ് പ്രകാരം ചേർക്കുന്ന" എന്ന് ചേർക്കുക.

(xvi) ഖണ്ഡം 2(ഇസഡ്ബി)-ൽ "സർക്കാർ" എന്നതിന് മുമ്പ് "സംസ്ഥാന" എന്ന് ചേർക്കുക.

(xvii) ഖണ്ഡം 2 (ഇസഡ് ഡി)-ൽ "പഠന കോഴ്സിനായി" എന്നതിന് പകരം "പഠന കോഴ്സിനോ ഗവേഷണത്തിനോ ആയി" എന്ന് ചേർക്കുക.

(xviii) ഖണ്ഡം 2(ഇസഡ്എഫ്)-ൽ "അദ്ധ്യാപകൻ" എന്നതിന് പകരം "അദ്ധ്യാപകർ" എന്ന് ചേർക്കുക.

(xix) ഖണ്ഡം 2(ഇസഡ്എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക :

'(ഇസഡ്എച്ച്) "സർവ്വകലാശാല" എന്നാൽ 8-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സ്വകാര്യ സർവ്വകലാശാല എന്നർത്ഥമാകുന്നു.

(xx) ഖണ്ഡം 2 (ഇസഡ് ഐ)-ക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുക:

(i) "(ഇസഡ് ജെ) "സ്കൂൾ എന്നാൽ സർവ്വകലാശാലയിലെ ഒരു പഠന ഗവേഷണ കേന്ദ്രം എന്നർത്ഥമാകുന്നു."

(ii) "(ഇസഡ് കെ) "എൻഡോവ്മെന്റ് ഫണ്ട്" എന്നാൽ ഈ ആക്ടിലെ 49-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(iii) "(ഇസഡ് എൽ) "പൊതുഫണ്ട്" എന്നാൽ ഈ ആക്ടിലെ 50-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(iv) "(ഇസഡ് എം) "വികസന ഫണ്ട്" എന്നാൽ ഈ ആക്ടിലെ 51-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു.

(xxi) ഖണ്ഡം 2(എച്ച്)-ൽ "അദ്ധ്യാപകനും" എന്നതിന് പകരം "അദ്ധ്യാപകരും" എന്ന് ചേർക്കുക.

(xxii) ഖണ്ഡം 2(എം)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

(xxiii) ഖണ്ഡം 2(ഇസഡ്ഐ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "സർവ്വകലാശാലയുടെ വൈസ്-ചാൻസലർ" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

(i) ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംസ്ഥാനത്തിന് പുറത്തും" എന്നതിന് മുമ്പിൽ " സംസ്ഥാനത്തിനകത്തും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 3(3)-ൽ "അധികാരമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്" എന്നതിന് പകരം " അധികാരമില്ലാത്തതുമാണ്" എന്ന് ചേർക്കുക.

(iii) ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനകൾ ഒഴിവാക്കുക.

<u>നാലാം വകുപ്പ്</u>

(i) ഖണ്ഡം 4(എ)-ൽ "ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് കോടി രൂപയുടെ" എന്നതിന് പകരം "ഇരുപത്തിയഞ്ച് കോടി രൂപയിൽ കുറയാത്ത" എന്ന് ചേർക്കുക.

(ii) ഖണ്ഡം 4(ബി)-ൽ "അനുശാസിച്ചിട്ടുള്ളത്" എന്നതിന് പകരം "അനുശാസിക്കുന്നത് " എന്ന് ചേർക്കുക.

(iii) ഖണ്ഡം 4(ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

(iv) ഖണ്ഡം 4(ബി)-യുടെ മൂന്നാം ക്ലിപ്തനിബന്ധനയിൽ "പ്രാപല്യത്തിലുള്ള" എന്നതിന് പകരം "പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

(v) ഖണ്ഡം 4 (സി)-ൽ "കുറഞ്ഞത് ഇരുപത്തിനാലായിരം ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയയുള്ള" എന്നതിന് പകരം "ഇരുപത്തിനാലായിരം ചതുരശ്രമീറ്റർ കാർപ്പറ്റ് ഏരിയയിൽ കുറയാത്ത" എന്ന് ചേർക്കുക.

(vi) ഖണ്ഡം 4 (സി)-ൽ "ഏറ്റവും" എന്നത് ഒഴിവാക്കുക.

(vii) ഖണ്ഡം 4 (എഫ്)-ൽ "പ്രൊവിഡന്റ് ഫണ്ട്" എന്നതിന് പകരം "പ്രോവിഡന്റ് ഫണ്ടും മെഡിക്കൽ ഇൻഷ്വറൻസും " എന്ന് ചേർക്കുക.

(viii) ഖണ്ഡം 4(ജി)-ൽ, "പൊതുമണ്ഡലത്തിൽ അറിയിക്കുകയും" എന്നതിന് പകരം "പ്രസിദ്ധീകരിക്കുകയും" എന്ന് ചേർക്കുക.

(ix) ഖണ്ഡം 4(ഐ)-ൽ "പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട" എന്നതിന് പകരം "പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലും ഉൾപ്പെട്ട" എന്ന് ചേർക്കുക.

(x) ഖണ്ഡം 4(ജെ)-ൽ "രീതിയിലും, സമയക്രമവും അനുസരിച്ച്" എന്നതിന് പകരം "രീതിയിൽ സമയബന്ധിതമായി" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

(i) ഖണ്ഡം 5(2)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) സ്പോൺസറിംഗ് ബോഡിയുടെ അക്കാദമിക് സൗകര്യങ്ങളുടെ വിശദാംശങ്ങൾ;"

(ii) ഖണ്ഡം 5(1)-ൽ "ബോഡിയും" എന്നതിന് ശേഷം "നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

(iii) ഖണ്ഡം 5(2)-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം " ഉൾപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 5(2)(ഡി)-ൽ "പ്രവർത്തി പരിചയവും" എന്നതിന് പകരം "പ്രവൃത്തി പരിചയവും" എന്ന് ചേർക്കുക.

(v) ഖണ്ഡം 5(2)(ഇ)-ൽ "സ്ഥലം" എന്നതിന് പകരം "മേൽവിലാസം" എന്ന് ചേർക്കുക.

(vi) ഖണ്ഡം 5(2)(ജി)-ൽ "ഉപകരണങ്ങളുടെ ആർജ്ജനം" എന്നതിന് പകരം "ഉപകരണങ്ങൾ ആർജ്ജിക്കൽ" എന്ന് ചേർക്കുക.

(vii) ഖണ്ഡം 5(2)(ഐ)-ൽ "നൂതന" എന്നതിന് ശേഷം "പഠന" എന്ന് ചേർക്കുക.

(viii) ഖണ്ഡം 5(2)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) സ്പോൺസറിംഗ് ബോഡിയുടെ അക്കാദമിക് സൗകര്യങ്ങളുടെ വിശദാംശങ്ങൾ;"

<u>ആറാം വകുപ്പ്</u>

(i) ഖണ്ഡം 6(1)-ൽ "നിന്ന്" എന്നതിന് ശേഷം "5-ാം വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

(ii) ഖണ്ഡം 6(2)-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം " ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(iii) ഖണ്ഡം 6(2)(ii)-ൽ "സംസ്ഥാന പൊതു സർവ്വകലാശാലയുടെ ഒരു" എന്നതിന് പകരം "സംസ്ഥാനത്തെ ഏതെങ്കിലും ഒരു പൊതു സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

(iv) ഖണ്ഡം 6(4)-ന ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ, ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം ശിപാർശ നൽകുന്നതിന് പരമാവധി ആറ് മാസത്തെ സാവകാശം വിദഗ്ധ സമിതിയ്ക്ക് അനുവദിക്കാവുന്നതാണ്" .

<u>ഏഴാം വകുപ്പ്</u>

(i) ഖണ്ഡം 7(2)-ൽ "ബോഡിയെ" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

(ii) ഖണ്ഡം 7(4)-ൽ, "വീഴ്ചവരുത്തിയാൽ" എന്നതിന് പകരം "വീഴ്ച് വരുത്തുന്നപക്ഷം" എന്ന് ചേർക്കുക.

എട്ടാം വകുപ്പ്

(i) ഖണ്ഡം 8-ൽ "സ്ഥാനം" എന്നതിന് പകരം "മേൽവിലാസം" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

(i) ഖണ്ഡം 9(2)-ൽ "പരാമർശിച്ചിരിക്കുന്ന" എന്നതിന് പകരം "വ്യവസ്ഥ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

പത്താം വകുപ്പ്

(i) ഖണ്ഡം 10-ൽ "പാടില്ലാത്തതും" എന്നതിന് ശേഷം "ആയതിന് " എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

(i) ഖണ്ഡം 11(എ)-ൽ "അറിവും" എന്നതിന് ശേഷം "നൈപുണ്യവും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 11(എ)-ൽ "വൈദഗദ്ധ്യവും" എന്നതിന് പകരം "വൈദഗ്ധ്യവും" എന്ന് ചേർക്കുക.

(iii) ഖണ്ഡം 11(എ)-ൽ "പുരോഗമിപ്പിക്കുന്നതിലേയ്ക്കും" എന്നതിന് പകരം "മെച്ചപ്പെടുത്തുന്നതിലേയ്ക്കും" എന്ന് ചേർക്കുക.

(iv) ഖണ്ഡം 11(ബി)-ൽ 'മാനവികം" എന്നതിന് ശേഷം "ശാസ്ത്രം" എന്ന് ചേർക്കുക.

(v) ഖണ്ഡം 11 (ജെ)-ൽ "സംഘടനയിലോ" എന്നതിന് പകരം "പഠന ഗവേഷണ സ്ഥാപനത്തിലോ" എന്ന് ചേർക്കുക.

(vi) ഖണ്ഡം 11(ക്യൂ)-ൽ, "സർവ്വകലാശാലയിലേയ്ക്കുള്ള" എന്നതിന് പകരം "സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിലേയ്ക്കുള്ള" എന്ന് ചേർക്കുക.

(vii) ഖണ്ഡം 11(എസ്)-ൽ "അച്ചടക്കം" എന്നത് ഒഴിവാക്കുക.

(viii) ഖണ്ഡം 11 (വി)-ൽ "വസ്തുവകകളിന്മേൽ" എന്നതിന് ശേഷം "വകുപ്പ്4-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ" എന്ന് ചേർക്കുക.

പന്ത്രണ്ടാം വകുപ്പ്

(i) ഖണ്ഡം 12(3)-ൽ "വിഭാഗങ്ങളിലുമുള്ള" എന്നതിന് പകരം "പഠന കോഴ്സുകളിലുമുള്ള" എന്ന് ചേർക്കുക.

(ii) ഖണ്ഡം 12-ന്റെ വിശദീകരണം (i)-ൽ "മുൻപുള്ള" എന്നതിന് ശേഷം "തുടർച്ചയായ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 12-ന്റെ (ii)-ാം വിശദീകരണം ആരംഭിക്കുന്നതിന് മുൻപായി "അല്ലെങ്കിൽ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

<u>പതിമൂന്നാം വകുപ്പ്</u>

(i) ഖണ്ഡം 13(എച്ച്)-ന് ശേഷം "(ഐ) ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫയർ" എന്ന് ചേർത്ത് ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

(ii) ഖണ്ഡം 13(ഐ) താഴെപ്പറയും പ്രകാരം മാറ്റുക.

"(ഐ) സർവ്വകലാശാലയിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം പ്രഖ്യാപിച്ചേക്കാവുന്ന മറ്റ് പദവികൾ, സ്ഥാനങ്ങൾ. "

<u>പതിനാലാം വകുപ്പ്</u>

(i) ഖണ്ഡം 14(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് അഞ്ച് വർഷത്തേക്കുള്ള ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്"

(ii) ഖണ്ഡം 14(2)-ൽ "വഹിക്കേണ്ടതാണ്." എന്ന വാക്കിനും ചിഹ്നത്തിനും പകരം "വഹിക്കേണ്ടതാണ് :" എന്ന വാക്കും ചിഹ്നവും ചേർക്കുക.

(iii) ഖണ്ഡം 14(5)(എ)-ൽ "വിളിച്ചുവരുത്തുക" എന്നതിന് പകരം "ആവശ്യപ്പെടുകയോ വിളിച്ചുവരുത്തുകയോ ചെയ്യുക" എന്ന് ചേർക്കുക.

(iv) ഖണ്ഡം 14(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(6) ചാൻസലറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിക്കുന്നതാണ്."

<u>പതിനഞ്ചാം വകുപ്പ്</u>

(i) ഖണ്ഡം 15 (5)-ൽ "ചെയ്യുന്നത് " എന്നതിന് പകരം "ചെയ്യുന്നുവെന്ന് " എന്ന് ചേർക്കുക.

(ii) ഖണ്ഡം 15 (6)-ൽ "അടിയന്തരാവസ്ഥ" എന്നതിന് പകരം "അടിയന്തര സാഹചര്യം" എന്ന് ചേർക്കുക.

(iii) ഖണ്ഡം 15 (6)-ൽ "ചെയ്യേണ്ടതുമാണ്" എന്നതിന് പകരം "ചെയ്യേണ്ടതും സാധൂകരണം ആവശ്യമെങ്കിൽ ആയത് നേടേണ്ടതുമാണ്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 15 (7)-ൽ "ജീവനക്കാരനെ" എന്നതിന് പകരം "ജീവനക്കാരെ" എന്ന് ചേർക്കുക.

(v) ഖണ്ഡം 15 (7)-ൽ "നിയമിക്കുന്നതിനും" എന്നതിന് ശേഷം "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയ ശേഷം" എന്ന് ചേർക്കുക.

(vi) ഖണ്ഡം 15(10)-ൽ "ശമ്പളവും" എന്നതിന് ശേഷം "ആനുകൂല്യങ്ങളും" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

(i) ഖണ്ഡം 16(3)-ൽ "മുഴുവൻ സമയ ശമ്പളം പറ്റുന്ന" എന്നതിന് പകരം "ശമ്പളം പറ്റുന്ന മുഴുവൻ സമയ" എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

(i) ഖണ്ഡം 17(5)-ൽ "ഒപ്പ്" എന്നതിന് പകരം "ഒപ്പ്" എന്ന് ചേർക്കുക.

[സഭയിലെ പൊതുവായ ധാരണയുടെ അടിസ്ഥാനത്തിൽ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെ തുടർന്നുള്ള വകുപ്പുകളുടെയും 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബില്ലിന്റെയും പരിഗണന അടുത്ത ദിവസമായ 2025 മാർച്ച് 25-ലേയ്ക്ക് മാറ്റി വയ്ക്കുന്നതായി സ്പീക്കർ അറിയിച്ചു.]

2025 മാർച്ച് 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.19- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, March 24, 2025*

**No. 179**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri P. C. Vishnunadh and five other Members had given notice of an adjournment motion regarding the situation that is said to have arisen in the health sector due to the alleged death of a patient due to clinical negligence at the Kozhikode Medical College Hospital and also about the shortage of medicines in Government hospitals in the state. On ground of reply by the Minister for Local Self Governments, Excise and Parliamentary Affairs, Speaker denied leave to present the motion.

(As a mark of protest against the attitude of the Government in the matter the Members belonging to opposition staged walkout. )

*Calling Attention :*

(1) Shri K. P. Kunhammed Kutti Master called the attention of the Minister for Public Works and Tourism to the necessity to adopt advanced technologies such as Building Information Modeling and Artificial Intelligence in the large scale construction projects includeing National Highways, State Highways, Regional Roads and Bridges in the State with enhanced quality and in eco-friendly manner. The Minister for Public Works and Tourism made a statement in this regard.

(2) Shri Manjalamkuzhi Ali called the attention of the Chief Minister to the necessity to utilize the potential of Artificial Intelligence for the development of the State and to overcome the challenges that may emerge due to the adoption of this technology. The Chief Minister made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. സനീഷ് കുമാർ ജോസഫ് | കൊച്ചി മെട്രോ ചാലക്കുടി വരെ നീട്ടുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിന് നടപടി | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 3. | ശ്രീ. ആന്റണി രാജു | വള്ളക്കടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 4. | ശ്രീ. ലിന്റോ ജോസഫ് | വിവിധ ക്ഷേമ പെൻഷനുകളുടെ തുക വ്യത്യാസം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. പി. ടി. എ. റഹീം | മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ ചികിത്സാ കേന്ദ്രം | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 6. | ശ്രീ. കെ. എം. സച്ചിൻദേവ് | കിനാലൂരിൽ AIIMS-നായി ഭൂമി ഏറ്റെടുക്കൽ | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 7. | ശ്രീമതി കെ. കെ. രമ | അട്ടപ്പാടിയിലെ ഭൂമി കൈയേറ്റം | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 8. | ശ്രീ. ടി. പി. രാമകൃഷ്ണൻ | പെരിഞ്ചേരി കടവിൽ നിർമ്മിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 9. | ശ്രീ. അൻവർ സാദത്ത് | തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്കുള്ള പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും | ബഹു. തദ്ദേശ സ്വയം ഭരണ-എക്സൈസ്-പാർലമെന്ററി കാര്യ വകുപ്പുമന്ത്രി |
| 10. | ശ്രീ. പി. നന്ദകുമാർ | പൊന്നാനിയിലെ തരിശു ഭൂമികൾ കൃഷി യോഗ്യമാക്കു ന്നതിന് നടപടി | ബഹു.കൃഷി വകുപ്പുമന്ത്രി |
| 11. | ശ്രീ. മോൻസ് ജോസഫ് | KSEB ഈടാക്കുന്ന ബ്രോഡ്ബാന്റ്, ഡിജിറ്റൽ കേബിൾ ടി.വി. വാടക നിരക്ക് ഏകീകരണം | ബഹു. വൈദ്യുതി വകുപ്പുമന്ത്രി |
| 12. | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മലപ്പുറത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപടി | ബഹു. വൈദ്യുതി വകുപ്പുമന്ത്രി |
| 13. | ശ്രീ. ഇ. കെ. വിജയൻ | നാദാപുരം മണ്ഡലത്തിലെ വിവിധ കിഫ്ബി പ്രവൃത്തി കൾ | ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 14. | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകര ജനറൽ ആശുപത്രി സ്റ്റാഫുകളുടെ കുറവ് | ബഹു. ആരോഗ്യ, വനിത-ശിശു വികസന വകുപ്പുമന്ത്രി |
| 15. | ശ്രീ. സി. കെ. ഹരീന്ദ്രൻ | ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ MHA, MPH കോഴ്സുകൾ | ബഹു. ആരോഗ്യ, വനിത-ശിശു വികസന വകുപ്പുമന്ത്രി |

The Ministers concerned made the statement regarding the respective issue.

*Presentation of Reports :*

(i) Fourth Report of the Committee on the Welfare of Backward Class Communities was presented.

(ii) Fifth to Eighth Reports of the Committee on Welfare of Fishermen and Allied Workers' were presented.

(iii) Fourteenth Report of the Committee on the Welfare of Non -Keralites (Pravasi Malayalees) was presented.

(iv) Fifth to Eighth Reports of the Committee on the Welfare of Senior Citizens were presented.

*Ruling by the Speaker :*

Shri N. Samsudheen raised a point of order stating that the Constitutional provisions and the procedures of the House are being violated in appropriating the amounts spent without the prior approval of the Assembly through the Appropriation Bill. The Minister for Finance replied. Speaker gave the following ruling on the said matter.

"സഭ അംഗീകരിച്ച ധനാഭ്യർത്ഥന തുകകളിൽനിന്നും അധികരിച്ചുവരുന്ന ചെലവുകൾ, നടപടികൾ പൂർത്തീകരിച്ച് യഥാസമയം ക്രമീകരിക്കുന്ന കാര്യത്തിൽ വീഴ്ചയും കാലതാമസവുമുണ്ടാകുന്നതുമൂലം ഭരണഘടനാ വ്യവസ്ഥകളും സഭയുടെ നടപടിക്രമങ്ങളും ലംഘിക്കുന്നതായും ഇക്കാര്യത്തിൽ അടിയന്തര പരിഹാരമുണ്ടാകണമെന്നുമാണ് ചട്ടം 303 പ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ച് നടപടിക്രമം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയറും ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമസഭ അനുവദിച്ച ധനാഭ്യർത്ഥനകളിൽനിന്നും അധികരിക്കുന്ന തുകകൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾ ചെലവഴിക്കുന്നപക്ഷം അപ്രകാരം അധികമായി ചെലവഴിച്ച തുക ക്രമവൽക്കരിക്കുന്നതിന് നിയമസഭയിൽ വ്യക്തമായ നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. അത്തരം നടപടിക്രമങ്ങൾ കൃത്യമായും പാലിച്ചുകൊണ്ടുതന്നെയാണ് കഴിഞ്ഞ കാലങ്ങളിൽ അധിക ധനാഭ്യർത്ഥനകളെ സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ശരിയായി വിശദീകരിച്ചതുപോലെ സി.&എ.ജി.-യുടെ അപ്രോപ്രിയേഷൻ അക്കൗണ്ടുകൾപ്രകാരം നിയമസഭയുടെ മുമ്പാകെ വരുന്ന അധികരിച്ച ചെലവുകൾ

സംബന്ധിച്ച നിർദേശങ്ങൾ ക്രമീകരിക്കുന്നതിന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് നിർണ്ണായക പങ്കാണ് നിർവഹിക്കാനുള്ളത്. നമ്മുടെ സഭയിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇതുസംബന്ധമായ അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കാലതാമസം വരുത്താതെ നിർവഹിച്ചുവരുന്നുവെന്നാണ് ചെയറിന് മനസ്സിലാക്കാൻ കഴിഞ്ഞത്.

നിലവിൽ ബജറ്റിനെ അധികരിച്ച ചെലവുകൾ നടപടിക്രമങ്ങൾ പാലിച്ച് ക്രമവൽക്കരിക്കുന്ന കാര്യത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി തലത്തിലോ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ തലത്തിലോ അകാരണമായ കാലതാമസമോ വീഴ്ചകളോ ശ്രദ്ധയിൽപ്പെടാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു."

*Legislative Business :*

(i) Introduction and further stages of The Kerala Appropriation Bill, 2025 :

Shri K. N. Balagopal, Minister for Finance introduced the Kerala Appropriation (No. 2) Bill, 2025 and moved that the Bill be taken into consideration.

The following Members took part in the discussion :

Shri A. Prabhakaran

Shri Ramesh Chennithala

Shri V. Sasi

Shri P. K. Kunhalikutty

Shri Sebastian Kulathungal

Shri Mons Joseph

Shri V. K. Prasanth

Shri H. Salam

Shri K. Premkumar

Shri T. Siddique

Shri K. U. Jenish Kumar

Shri K. P. Mohanan

Shri C. K. Hareendran

Shri Manjalamkuzhi Ali

Shri Vazhoor Soman

Shri K. V. Sumesh

Shri Thiruvanchoor Radhakrishnan.

[Speaker informed the House that The Kerala State Private Universities (Establishment and Regulation) Bill, 2025, which was included second on the List of Business, would be considered first and The Kerala Industrial Infrastructur Development (Amendment) Bill, 2024, would be considered second.]

Shri K. N. Balagopal, Minister for Finance replied to the points raised during the discussion. Then the Kerala Appropriation (No. 2) Bill, 2025 was taken up for clause by clause consideration and passed.

(ii) Motion for consideration and further stages of The Kerala State Private Universities (Establishment and Regulation) Bill, 2025 as reported by the Subject Committee:

DR. R. Bindu, Minister for Higher Education and Social Justice moved the motion that The Kerala State Private Universities (Establishment and Regulation) Bill, 2025 as reported by the Subject Committee be taken up for consideration.

Prof. Abid Hussain Thangal, Shri T. V. Ibrahim and Shri Rahul Mamkootathil who have recorded dissent to the Subject Committee Report spoke.

DR. K. T. Jaleel moved 1A amendment to circulate The Kerala State Private Universities (Establishment and Regulation) Bill, 2025 as reported by the Subject Committee for obtaining public opinion and Shri. E. K. Vijayan as authorised by Shri P. S. Supal moved 2B amendment to recommit the bill to the same Subjec Committee and spoke.

After the reply by the Minister for Higher Education and Social Justice, the amendments moved were withdrawn by the leave of the House. The bill was then taken up for clause by clause consideration. The following amendments were accepted:

രണ്ടാം വകുപ്പ്

(i) ഖണ്ഡം 2(ഡി)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം " സർവ്വകലാശാലയുടെ ചാൻസലർ " എന്ന് ചേർക്കുക;

(ii) ഖണ്ഡം 2(ഇ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 2(എഫ്)-ൽ "തലവൻ" എന്നതിന് പകരം "മേലധികാരി" എന്ന് ചേർക്കുക.

(iv) ഖണ്ഡം 2(എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അദ്ദേഹത്തിന്റെ" എന്ന് ചേർക്കുക.

(v) ഖണ്ഡം 2(ജി)-ൽ "ഒരു" എന്ന വാക്ക് വരുന്നിടത്തെല്ലാം അത് ഒഴിവാക്കുക.

(vi) ഖണ്ഡം 2(എൽ)-ൽ "ഫൈനാൻസ്" എന്ന് വരുന്നിടത്തെല്ലാം "ഫിനാൻസ്" എന്ന് ചേർക്കുക.

(vii) ഖണ്ഡം 2 (എം)-ൽ "ഫൈനാൻസ്" എന്നതിന് പകരം "ഫിനാൻസ്" എന്ന് ചേർക്കുക.

v(iii) ഖണ്ഡം 2(പി)-ൽ "ആക്റ്റിലെയോ" എന്നതിന് മുൻപായി "ഈ" എന്ന് ചേർക്കുക.

(ix) ഖണ്ഡം 2(ക്യൂ)-ൽ "അതുമായി ബന്ധപ്പെട്ടതോ" എന്നത് ഒഴിവാക്കുക.

(x) ഖണ്ഡം 2(ആർ)-ൽ, "സാമൂഹ്യശാസ്ത്രം," എന്നതിന് ശേഷം "ശാസ്ത്രം," എന്ന് ചേർക്കുക.

(xi) ഖണ്ഡം 2(യു)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

(xii) ഖണ്ഡം 2(വി)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം " ഓഫീസർ" എന്ന് ചേർക്കുക.

(xiii) ഖണ്ഡം 2(ഡബ്ല്യൂ)-ൽ "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ," എന്നതിന് ശേഷം "മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ" എന്ന് ചേർക്കുക.

(xiv) ഖണ്ഡം 2 (ഡബ്ല്യു)-ൽ "തുടങ്ങിയ" എന്നതിന് ശേഷം "ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

(xv) ഖണ്ഡം 2 (വൈ)-ൽ "ചേർത്തിട്ടുള്ള" എന്നതിന് പകരം "8-ാം വകുപ്പ് പ്രകാരം ചേർക്കുന്ന" എന്ന് ചേർക്കുക.

(xvi) ഖണ്ഡം 2(ഇസഡ്ബി)-ൽ "സർക്കാർ" എന്നതിന് മുമ്പ് "സംസ്ഥാന" എന്ന് ചേർക്കുക.

(xvii) ഖണ്ഡം 2 (ഇസഡ് ഡി)-ൽ "പഠന കോഴ്സിനായി" എന്നതിന് പകരം "പഠന കോഴ്സിനോ ഗവേഷണത്തിനോ ആയി" എന്ന് ചേർക്കുക.

(xviii) ഖണ്ഡം 2(ഇസഡ്എഫ്)-ൽ "അദ്ധ്യാപകൻ" എന്നതിന് പകരം "അദ്ധ്യാപകർ" എന്ന് ചേർക്കുക.

(xix) ഖണ്ഡം 2 (ഇസഡ്എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക :

'(ഇസഡ്എച്ച്) "സർവ്വകലാശാല" എന്നാൽ 8-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സ്വകാര്യ സർവ്വകലാശാല എന്നർത്ഥമാകുന്നു.

(xx) ഖണ്ഡം 2 (ഇസഡ് ഐ)-യ്ക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുക:

(i) "(ഇസഡ് ജെ) "സ്കൂൾ എന്നാൽ സർവ്വകലാശാലയിലെ ഒരു പഠന ഗവേഷണ കേന്ദ്രം എന്നർത്ഥമാകുന്നു."

(ii) "(ഇസഡ് കെ) "എൻഡോവ്മെന്റ് ഫണ്ട്" എന്നാൽ ഈ ആക്ടിലെ 49-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(iii) "(ഇസഡ് എൽ) "പൊതുഫണ്ട്" എന്നാൽ ഈ ആക്ടിലെ 50-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(iv) "(ഇസഡ് എം) "വികസന ഫണ്ട്" എന്നാൽ ഈ ആക്ടിലെ 51-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(xxi) ഖണ്ഡം 2(എച്ച്)-ൽ "അദ്ധ്യാപകനും" എന്നതിന് പകരം "അദ്ധ്യാപകരും" എന്ന് ചേർക്കുക.

(xxii) ഖണ്ഡം 2(എം)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

(xxiii) ഖണ്ഡം 2 (ഇസഡ്ഐ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "സർവ്വകലാശാലയുടെ വൈസ്-ചാൻസലർ" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

(i) ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംസ്ഥാനത്തിന് പുറത്തും" എന്നതിന് മുമ്പിൽ "സംസ്ഥാനത്തിനകത്തും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 3(3)-ൽ "അധികാരമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്" എന്നതിന് പകരം " അധികാരമില്ലാത്തതുമാണ്" എന്ന് ചേർക്കുക.

(iii) ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനകൾ ഒഴിവാക്കുക.

<u>നാലാം വകുപ്പ്</u>

(i) ഖണ്ഡം 4 (എ)-ൽ "ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് കോടി രൂപയുടെ" എന്നതിന് പകരം "ഇരുപത്തിയഞ്ച് കോടി രൂപയിൽ കുറയാത്ത" എന്ന് ചേർക്കുക.

(ii) ഖണ്ഡം 4 (ബി)-ൽ "അനുശാസിച്ചിട്ടുള്ളത്" എന്നതിന് പകരം "അനുശാസിക്കുന്നത് " എന്ന് ചേർക്കുക.

(iii) ഖണ്ഡം 4 (ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

(iv) ഖണ്ഡം 4(ബി)-യുടെ മൂന്നാം ക്ലിപ്തനിബന്ധനയിൽ "പ്രാപല്യത്തിലുള്ള" എന്നതിന് പകരം " പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

(v) ഖണ്ഡം 4 (സി)-ൽ " കുറഞ്ഞത് ഇരുപത്തിനാലായിരം ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയയുള്ള" എന്നതിന് പകരം "ഇരുപത്തിനാലായിരം ചതുരശ്രമീറ്റർ കാർപ്പറ്റ് ഏരിയയിൽ കുറയാത്ത" എന്ന് ചേർക്കുക.

(vi) ഖണ്ഡം 4 (സി)-ൽ "ഏറ്റവും" എന്നത് ഒഴിവാക്കുക.

(vii) ഖണ്ഡം 4 (എഫ്)-ൽ "പ്രൊവിഡന്റ് ഫണ്ട്" എന്നതിന് പകരം "പ്രോവിഡന്റ് ഫണ്ടും മെഡിക്കൽ ഇൻഷുറൻസും " എന്ന് ചേർക്കുക.

(viii) ഖണ്ഡം 4(ജി)-ൽ, "പൊതുമണ്ഡലത്തിൽ അറിയിക്കുകയും" എന്നതിന് പകരം "പ്രസിദ്ധീകരിക്കുകയും" എന്ന് ചേർക്കുക.

(ix) ഖണ്ഡം 4(ഐ)-ൽ "പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട" എന്നതിന് പകരം "പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലും ഉൾപ്പെട്ട" എന്ന് ചേർക്കുക.

(x) ഖണ്ഡം 4(ജെ)-ൽ "രീതിയിലും, സമയക്രമവും അനുസരിച്ച്" എന്നതിന് പകരം "രീതിയിൽ സമയബന്ധിതമായി" എന്ന് ചേർക്കുക.

## അഞ്ചാം വകുപ്പ്

(i) ഖണ്ഡം 5(2)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) സ്പോൺസറിംഗ് ബോഡിയുടെ അക്കാദമിക് സൗകര്യങ്ങളുടെ വിശദാംശങ്ങൾ;"

(ii) ഖണ്ഡം 5(1)-ൽ "ബോഡിയും" എന്നതിന് ശേഷം "നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

(iii) ഖണ്ഡം 5(2)-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം "ഉൾപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 5(2)(ഡി)-ൽ "പ്രവർത്തി പരിചയവും" എന്നതിന് പകരം "പ്രവൃത്തി പരിചയവും" എന്ന് ചേർക്കുക.

(v) ഖണ്ഡം 5(2)(ഇ)-ൽ "സ്ഥലം" എന്നതിന് പകരം "മേൽവിലാസം" എന്ന് ചേർക്കുക.

(vi) ഖണ്ഡം 5(2)(ജി)-ൽ "ഉപകരണങ്ങളുടെ ആർജ്ജനം" എന്നതിന് പകരം "ഉപകരണങ്ങൾ ആർജ്ജിക്കൽ" എന്ന് ചേർക്കുക.

(vii) ഖണ്ഡം 5(2)(ഐ)-ൽ "നൂതന" എന്നതിന് ശേഷം "പഠന" എന്ന് ചേർക്കുക.

(viii) ഖണ്ഡം 5(2)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) സ്പോൺസറിംഗ് ബോഡിയുടെ അക്കാദമിക് സൗകര്യങ്ങളുടെ വിശദാംശങ്ങൾ;"

## ആറാം വകുപ്പ്

(i) ഖണ്ഡം 6(1)-ൽ "നിന്ന്" എന്നതിന് ശേഷം "5-ാം വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

(ii) ഖണ്ഡം 6(2)-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം "ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(iii) ഖണ്ഡം 6(2)(ii)-ൽ "സംസ്ഥാന പൊതു സർവ്വകലാശാലയുടെ ഒരു" എന്നതിന് പകരം " സംസ്ഥാനത്തെ ഏതെങ്കിലും ഒരു പൊതു സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

(iv) ഖണ്ഡം 6(4)-ന ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ, ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം ശിപാർശ നൽകുന്നതിന് പരമാവധി ആറ് മാസത്തെ സാവകാശം വിദഗ്ധ സമിതിയ്ക്ക് അനുവദിക്കാവുന്നതാണ്" .

ഏഴാം വകുപ്പ്

(i) ഖണ്ഡം 7(2)-ൽ "ബോഡിയെ" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

(ii) ഖണ്ഡം 7(4)-ൽ, "വീഴ്ചവരുത്തിയാൽ" എന്നതിന് പകരം "വീഴ്ച വരുത്തുന്ന പക്ഷം" എന്ന് ചേർക്കുക.

എട്ടാം വകുപ്പ്

(i) ഖണ്ഡം 8-ൽ "സ്ഥാനം" എന്നതിന് പകരം "മേൽവിലാസം" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

i) ഖണ്ഡം 9(2)-ൽ "പരാമർശിച്ചിരിക്കുന്ന" എന്നതിന് പകരം "വ്യവസ്ഥ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

പത്താം വകുപ്പ്

i) ഖണ്ഡം 10-ൽ "പാടില്ലാത്തതും" എന്നതിന് ശേഷം "ആയതിന് " എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

i) ഖണ്ഡം 11(എ)-ൽ "അറിവും" എന്നതിന് ശേഷം "നൈപുണ്യവും" എന്ന് ചേർക്കുക.

ii) ഖണ്ഡം 11(എ)-ൽ "വൈദഗദ്ധ്യവും" എന്നതിന് പകരം "വൈദഗ്ധ്യവും" എന്ന് ചേർക്കുക.

iii) ഖണ്ഡം 11(എ)-ൽ "പുരോഗമിപ്പിക്കുന്നതിലേയ്ക്കും" എന്നതിന് പകരം "മെച്ചപ്പെടുത്തുന്നതിലേയ്ക്കും" എന്ന് ചേർക്കുക.

iv) ഖണ്ഡം 11(ബി)-ൽ "മാനവികം" എന്നതിന് ശേഷം "ശാസ്ത്രം" എന്ന് ചേർക്കുക.

v) ഖണ്ഡം 11 (ജെ)-ൽ "സംഘടനയിലോ" എന്നതിന് പകരം "പഠന ഗവേഷണ സ്ഥാപനത്തിലോ" എന്ന് ചേർക്കുക.

vi) ഖണ്ഡം 11(ക്യു)-ൽ, "സർവ്വകലാശാലയിലേയ്ക്കുള്ള" എന്നതിന് പകരം "സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിലേയ്ക്കുള്ള" എന്ന് ചേർക്കുക.

vii) ഖണ്ഡം 11(എസ്)-ൽ "അച്ചടക്കം" എന്നത് ഒഴിവാക്കുക.

viii) ഖണ്ഡം 11 (വി)-ൽ " വസ്തുവകകളിന്മേൽ" എന്നതിന് ശേഷം "വകുപ്പ്4-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ" എന്ന് ചേർക്കുക.

<u>പന്ത്രണ്ടാം വകുപ്പ്</u>

(i) ഖണ്ഡം 12(3)-ൽ "വിഭാഗങ്ങളിലുമുള്ള" എന്നതിന് പകരം "പഠന കോഴ്സുകളിലുമുള്ള" എന്ന് ചേർക്കുക.

(ii) ഖണ്ഡം 12-ന്റെ വിശദീകരണം (i)-ൽ "മുൻപുള്ള" എന്നതിന് ശേഷം "തുടർച്ചയായ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 12-ന്റെ (ii)-ാം വിശദീകരണം ആരംഭിക്കുന്നതിന് മുൻപായി "അല്ലെങ്കിൽ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

<u>പതിമൂന്നാം വകുപ്പ്</u>

(i) ഖണ്ഡം 13(എച്ച്) ന് ശേഷം "(ഐ) ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫയർ" എന്ന് ചേർത്ത് ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

(ii) ഖണ്ഡം 13(ഐ) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഐ) സർവ്വകലാശാലയിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം പ്രഖ്യാപിച്ചേക്കാവുന്ന മറ്റ് പദവികൾ, സ്ഥാനങ്ങൾ. "

<u>പതിനാലാം വകുപ്പ്</u>

(i) ഖണ്ഡം 14(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ, ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് അഞ്ചു വർഷത്തേക്കുള്ള ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്"

(ii) ഖണ്ഡം 14(2)-ൽ "വഹിക്കേണ്ടതാണ്." എന്ന വാക്കിനും ചിഹ്നത്തിനും പകരം "വഹിക്കേണ്ടതാണ് :" എന്ന വാക്കും ചിഹ്നവും ചേർക്കുക.

(iii) ഖണ്ഡം 14(5)(എ)-ൽ "വിളിച്ചുവരുത്തുക" എന്നതിന് പകരം "ആവശ്യപ്പെടുകയോ വിളിച്ചുവരുത്തുകയോ ചെയ്യുക" എന്ന് ചേർക്കുക.

(iv) ഖണ്ഡം 14(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(6) ചാൻസലറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിക്കുന്നതാണ്."

<u>പതിനഞ്ചാം വകുപ്പ്</u>

(i) ഖണ്ഡം 15 (5)-ൽ "ചെയ്യുന്നത് " എന്നതിന് പകരം "ചെയ്യുന്നുവെന്ന് " എന്ന് ചേർക്കുക.

(ii) ഖണ്ഡം 15 (6)-ൽ "അടിയന്തരാവസ്ഥ" എന്നതിന് പകരം "അടിയന്തര സാഹചര്യം" എന്ന് ചേർക്കുക.

(iii) ഖണ്ഡം 15 (6)-ൽ "ചെയ്യേണ്ടതുമാണ്" എന്നതിന് പകരം "ചെയ്യേണ്ടതും സാധൂകരണം ആവശ്യമെങ്കിൽ ആയത് നേടേണ്ടതുമാണ്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 15 (7)-ൽ "ജീവനക്കാരനെ" എന്നതിന് പകരം "ജീവനക്കാരെ" എന്ന് ചേർക്കുക.

(v) ഖണ്ഡം 15 (7)-ൽ "നിയമിക്കുന്നതിനും" എന്നതിന് ശേഷം "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയ ശേഷം" എന്ന് ചേർക്കുക.

vi) ഖണ്ഡം 15(10)-ൽ "ശമ്പളവും" എന്നതിന് ശേഷം "ആനുകൂല്യങ്ങളും" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

i) ഖണ്ഡം 16(3)-ൽ "മുഴുവൻ സമയ ശമ്പളം പറ്റുന്ന" എന്നതിന് പകരം " ശമ്പളം പറ്റുന്ന മുഴുവൻ സമയ" എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

(i) ഖണ്ഡം 17(5)-ൽ " ഒപ്പ്" എന്നതിന് പകരം "ഒപ്പ്" എന്ന് ചേർക്കുക.

[Speaker informed the House that on the basis of general consensus in the House, the consideration of the subsequent sections of The Kerala State Private Universities (Establishment and Regulation) Bill, 2025 as reported by the Subject Committee and The Kerala Industrial Infrastructure Development (Amendment) Bill, 2024 as reported by the Subject Committee is postponed to the next day, March 25, 2025.]

The House adjourned at 6.19 p.m. to meet again at 9.00 a.m. on Tuesday, March 25, 2025.

DR. N. KRISHNA KUMAR,

*Secretary.*